സർക്കാർ അധീനതയിലുള്ള വിവിധ കമ്പനി/ബോർഡ്/ കോർപ്പറേഷനുകളിലെ Driver cum Office Attendant (Medium/Heavy Passenger/Goods Vehicle) (Cat.No. 129/18) തസ്തികയുടെ ചുരുക്കപ്പട്ടികയിൽ ഉൾപ്പെട്ട തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ ജില്ലകളിലെ ഉദ്യോഗാർത്ഥികൾക്ക് 2021 ജൂലൈ 27,28,29,30 എന്നീ തീയതികളിൽ കൊല്ലം ആശ്രാമം മൈതാനത്ത് വച്ച് രാവിലെ 06.00 മണിമുതൽ പ്രമാണ പരിശോധനയും തുടർന്ന് പ്രായോഗിക പരീക്ഷയും (T Test + Road Test) നടത്തുന്നതാണ്. ഉദ്യോഗാർത്ഥികൾക്ക് SMS, Profile Message എന്നിവ നൽകിയിട്ടുണ്ട്. കോവിഡ് പോസിറ്റീവ് / **quarantine** ആയതിനാൽ പ്രായോഗിക പരീക്ഷയിൽ പങ്കെടുക്കുവാൻ സാധിക്കാത്ത ഉദ്യോഗാർത്ഥികൾ പ്രസ്തുത തീയതിക്കോ അതിനു മുൻപായോ കൃത്യമായ രേഖകൾ സഹിതം അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്. ഉദ്യോഗാർത്ഥികൾ തങ്ങളുടെ പ്രൊഫൈൽ പരിശോധിച്ചശേഷം സാധുവായ അസ്സൽ ഡ്രൈവിംഗ് ലൈസൻസ്, ഡ്രൈവിംഗ് ലൈസൻസ് പർട്ടിക്കുലേഴ്സ്, പ്രൊഫൈലിൽ നിന്ന് **download** ചെയ്തെടുത്ത അഡ്മിഷൻ ടിക്കറ്റ്, കോവിഡ് പോസിറ്റീവ് അല്ലെന്ന സത്യപ്രസ്താവന (നിശ്ചിത മാതൃക വെബ്സൈറ്റിൽ ലഭ്യമാണ്) എന്നിവ സഹിതം നിശ്ചിത തീയതിയിലും സമയത്തും ഹാജരാകേണ്ടതാണ്.